2026 ആഗസ്റ്റ് 18 പകൽ 2.00 pm-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അവർകളുടെ അധ്യക്ഷതയിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ ഇംപീരിയൽ ലോഞ്ചിൽ നടന്ന കിലയുടെ പതിനാറാമത് ഗവേണിംഗ് കൗൺസിൽ മിനിറ്റ്സ്.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ):

1. ശ്രീ. കെ.എം.ഷാജി - ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ് മന്ത്രി
2. ശ്രീ. കെ.രാധാകൃഷ്ണൻ - എം പി, ആലത്തൂർ ലോകസഭാ മണ്ഡലം.
3. ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി - എംഎൽഎ, വടക്കാഞ്ചേരി നിയോജക മണ്ഡലം.
4. ശ്രീമതി. അനുപമ. ടി വി, ഐ.എ.എസ് - സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. ഡോ. ദിവ്യ എസ്. അയ്യർ, ഐ.എ.എസ് - പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ശ്രീമതി. അപൂർവ്വ ത്രിപാഠി, ഐ.എ.എസ് - ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ശ്രീ. സൂഫിയാൻ അഹമ്മദ് , ഐ.എ.എസ്- ഡയറക്ടർ (അർബ്ബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ശ്രീ. അനിൽ അക്കര - പ്രസിഡൻറ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
9. ശ്രീ. കോട്ടയിൽ രാധാകൃഷ്ണൻ - പ്രസിഡൻറ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
10. ശ്രീ. ടി.എൻ.മുഹമ്മദ് ഷഫീഖ് - ജോയിൻ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെൻറ്.
11. ശ്രീ. ഷാജി ടി.എസ് - അണ്ടർ സെക്രട്ടറി, പ്ലാനിങ് ഡിപ്പാർട്ട്മെൻറ്.
12. ശ്രീ. ദേവിദാസ്.എൻ, ഐ.എ.എസ് - ഡയറക്ടർ ജനറൽ, കില

## തീരുമാനങ്ങൾ

**ഐറ്റം നമ്പർ 01:**

2026 ജനുവരി 21 ബുധനാഴ്ച രാവിലെ 11 മണിക്ക്, ബഹു തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെൻററികാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ വെച്ച് കൂടിയ കില-യുടെ പതിനഞ്ചാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

അംഗീകരിച്ചു.

**ഐറ്റം നമ്പർ 02:**

മുൻ കൗൺസിൽ യോഗ തീരുമാനങ്ങളിൽ എടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ വിലയിരുത്തൽ.

K. M. SHAJI
Minister for Local Self Government

യോഗ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കില ഡയറക്ടർ ജനറൽ, യോഗത്തിൽ അവതരിപ്പിച്ചു.

**തീരുമാനം**

മുൻ കൗൺസിൽ യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

**മുൻ ഗവേണിംഗ് കൗൺസിലിന്റെ യോഗ മിനിറ്റ്സിലെ ഐറ്റം നമ്പർ 7**

കില സി എച്ച് ആർ ഡി യിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തു വരവേ 18 16/24 ന് മരണപ്പെട്ട ശ്രീ രാജേഷ് ബാബുവിന്റെ മരണാനന്തര ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന ഗ്രാറ്റുവിറ്റി തുക ശ്രീ രാജേഷ് ബാബുവിന്റെ അനന്തരാവകാശിക്ക് തുക അനുവദിച്ച ത് സംബന്ധിച്ച്,

**തീരുമാനം**

അംഗീകരിച്ചു.

**മുൻ ഗവേണിംഗ് കൗൺസിലിന്റെ യോഗ മിനിറ്റ്സിലെ ഐറ്റം നമ്പർ 9**

കിലയുടെ പ്രവർത്തനങ്ങൾക്ക്, അക്കാദമിക് ആഴം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അക്കാദമിക് പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യുന്നതിനും ഗവേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ദേശീയ അന്തർദേശീയ സർവകലാശാലകൾ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി അക്കാഡമിക് ഇടപെടൽ നടത്തുന്നതിനും ഒരു അക്കാഡമിക് ലീഡിനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പതിനഞ്ചാമത് ഗവേണിംഗ് കൗൺസിൽ യോഗം തീരുമാനിച്ചിരുന്നു. അനുയോജ്യനായ അക്കാദമിക് ലീഡിനെ കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് എന്നിവരടങ്ങിയ ഒരു സർച്ച് ആൻഡ് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതിനനുസരിച്ചുള്ള വിശദമായ 13.04.2026 LSGD/IB2/103/2026 നമ്പർ കത്ത് പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നു. വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നതായി ഡയറക്ടർ ജനറൽ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**മുൻ ഗവേണിംഗ് കൗൺസിൽ യോഗ മിനുട്സിലെ ഐറ്റം നമ്പർ 10**

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പഠന സന്ദർശനവുമായി ബന്ധപ്പെട്ട് അധികം ചെലവായ തുകയുടെ 50% തുക അനുവദിക്കുന്നതിനും ബാക്കി തുക കില തളിപ്പറമ്പ് ക്യാമ്പസിലെ ലക്ചറർ ശ്രീ



K. M. SHAJI
Minister for Local Self Government

ശിവപ്രസാദിൽ നിന്ന് ഈടാക്കുന്നതിനായും 23.01.2025 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു. ശ്രീ ശിവപ്രദാസിൽ നിന്നും തുക ഈടാക്കുന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കി നൽകണമെന്നും ടി തുക ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളെ സഹായിക്കുന്നതിനായി കിലയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ നിന്ന് കണ്ടെത്തണമെന്നും കാണിച്ച് ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളുടെ മുൻ പ്രസിഡണ്ട് ശ്രീ ബി പി മുരളി 22.01.2026 ലെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു.

23/ 1 /2025 ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മേലിൽ ആവർത്തിക്കരുത് എന്ന കർശന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ അധികം ചെലവായ തുകയുടെ 50 ശതമാനം അംഗീകരിച്ചു നൽകിയിട്ടുണ്ടെന്നും എസ് ഡി സി കോർപ്പസ് ഫണ്ട് പലിശ ലഭിച്ചതിൽ നിന്നും അധികം ചെലവായ കുടിശ്ശിക ബാലൻസ് തുക 104133 രൂപ തീർപ്പാക്കാവുന്നതാണെന്നും ഡയറക്ടർ ജനറൽ ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിച്ചു.

**തീരുമാനം**

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പഠന സന്ദർശനവുമായി ബന്ധപ്പെട്ട് അധികം ചെലവായ തുകയുടെ ബാക്കിയുള്ള 104133 രൂപ തുക തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 03**

26-27 സാമ്പത്തിക വർഷത്തെ കിലയുടെ വാർഷിക ആക്ഷൻ പ്ലാൻ കില ഡയറക്ടർ ജനറൽ വിശദീകരിച്ചു.

**തീരുമാനം**

അംഗീകരിച്ചു.

**ഐറ്റം നമ്പർ 04**

കിലയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തുടർനടപടികൾക്കും ഗവണിങ് കൗൺസിലിന്റെ അറിവിലേക്കും തീരുമാനത്തിനുമായി കില ഡയറക്ടർ ജനറൽ യോഗത്തിൽ അവതരിപ്പിച്ചു. കിലയുടെ വികസനത്തിനായി നെഗോഷ്യേഷൻ പർച്ചേസ് വഴി ഭൂമി വാങ്ങുന്നതിന് 19/ 2/26 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതും നിലവിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി വില നിർണയ നടപടികളുമായി മുന്നോട്ട് പോകുകയാണെന്നും ജില്ലാ കളക്ടർ നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്നും ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തു. ഇതുവരെയുള്ള പ്രവർത്തനം കമ്മിറ്റി വിലയിരുത്തുകയും നെഗോഷ്യേഷൻ പർച്ചേസുമായി ബന്ധപ്പെട്ട കിള്ളന്നൂർ വില്ലേജ് ഓഫീസർ വസ്തുവിന്റെ സർവ്വേ, ഡിജിറ്റൽ സർവേ എന്നിവ ചെയ്യുകയാണെങ്കിൽ വേഗത്തിൽ നടപടി



K. M. SHAJI
Minister for Local Self Government

സ്വീകരിക്കണമെന്നും ടി സ്ഥലം എത്രയും വേഗം ഏറ്റെടുക്കുന്നത് കിലയുടെ തുടർ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമെന്നും അധ്യക്ഷൻ അഭിപ്രായപ്പെട്ടു.

**തീരുമാനം**

നെഗോസിയേഷൻ പർച്ചേസ് പ്രകാരമുള്ള നടപടികൾ വേഗത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

**ഐറ്റം നമ്പർ 05**

കില കോളേജ് ഓഫ് ഡി സെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവർണൻസ് (CDLG) പ്രവർത്തനങ്ങൾ സംബന്ധിച്ച്.

നിലവിലെ കോളേജിന്റെ പ്രവർത്തനത്തെക്കുറിച്ചും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെ കുറിച്ചും 2026– 27 അധ്യയന വർഷത്തെ അഡ്മിഷൻ സംബന്ധിച്ചും കില ഡയറക്ടർ ജനറൽ വിശദീകരിച്ചു. നിലവിലെ കോഴ്സുകൾ സംബന്ധിച്ചും, അടിസ്ഥാന സൗകര്യ വികസനത്തെ സംബന്ധിച്ചും, കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും 2026–27 അധ്യയന വർഷത്തെ അഡ്മിഷൻ സംബന്ധിച്ചും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. മുൻ ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം കില കോളേജ് ഓഫ് ഡിസെൻട്രലൈസേഷൻ ആൻഡ് ലോക്കൽ ഗവർണൻസ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് ലഭിക്കുന്നതിനായി സർക്കാരിൽ നിന്നും 14 /01/ 2026 തീയതിയിലെ എൽ എസ് ജി 2025 IB2/05/2025 നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം കില 26/03/2026 ൽ 2024/8687HQ നമ്പർ ആയി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് എന്ന് ഡയറക്ടർ ജനറൽ യോഗത്തെ അറിയിച്ചു

**തീരുമാനം.**

കുറഞ്ഞത് 15 വിദ്യാർത്ഥികൾ പ്രവേശനം നേടുന്ന സാഹചര്യത്തിൽ മാത്രമേ കോളേജ് തുടർന്ന് പ്രവർത്തിക്കാവൂ എന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 2026 ഫെബ്രുവരി 24ലെ തീരുമാനം അംഗീകരിക്കുകയും, കോളേജിന് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയും, കാലാനുസൃതമായി കോഴ്സുകൾക്ക് അംഗീകാരവും ഇക്വലൻസി ലഭ്യമാക്കിയും, കൂടുതൽ റിസർച്ച് സാധ്യതകൾ ഉറപ്പുവരുത്തിയും നിലവിലെ കുട്ടികളുടെ കോഴ്സുകൾ പൂർത്തീകരിക്കുന്നതിനും ഇത് സംബന്ധിച്ച് റിവ്യൂ നടത്തുന്നതിനും വ്യയവരുമാനം വിശകലന വിധേയമാക്കുന്നതിനും തീരുമാനിച്ചു.

**ഐറ്റം നമ്പർ 06**

കില ഐപിഎൽ കോളേജ് തളിപ്പറമ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് കില ഡയറക്ടർ ജനറൽ അവതരിപ്പിച്ചു.

K. M. SHAJI
Minister for Local Self Government

**തീരുമാനം**

കില ഐപിഎൽ കോളേജ് തളിപ്പറമ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ റിവ്യൂ നടത്തുന്നതിന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 07**

കില-കിഫ് ബി സ്കൂൾ പ്രോജക്റ്റ് സംബന്ധിച്ചുള്ള പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച്.

**തീരുമാനം.**

പൊതു വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി KIIFB മുഖേന നടത്തുന്ന കിലയുടെ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതി ഗവേണിംഗ് കൗൺസിൽ വിലയിരുത്തി. നിലവിൽ പ്രവർത്തനം തുടങ്ങാതെയും തടസ്സമുള്ളതും ആയിട്ട് റിപ്പോർട്ട് ചെയ്ത സ്കൂൾ കെട്ടിട നിർമ്മാണ പദ്ധതികളിൽ ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ ജനപ്രതിനിധികൾക്ക് കത്തുകൾ അയച്ചു ബോധ്യപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. KIIFB പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾ സർക്കാർ നയതീരുമാനങ്ങൾക്കു വിധേയമായിട്ടു മാത്രം തുടരുന്നതായിരിക്കും എന്നു തീരുമാനിച്ചു.

**ഐറ്റം നമ്പർ 08.**

തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശീലനം സംബന്ധിച്ച് അംഗീകരിച്ച ട്രെയിനിങ് പോളിസി സംബന്ധിച്ച്

**തീരുമാനം**

ട്രെയിനിംഗ് പോളിസി അംഗീകരിക്കുകയും Virtual Training കൂടി ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചു.

**ഐറ്റം നമ്പർ 09.**

കില പരിശീലന റിപ്പോർട്ട് 2025- 26, 2026-27 (2026 ജൂലൈ 31 വരെ) - സംബന്ധിച്ച്

**തീരുമാനം**

നിലവിലെ പ്രവർത്തനങ്ങളിൽ തൃപ്തി രേഖപ്പെടുത്തി. പരിശീലന റിപ്പോർട്ട് അംഗീകരിച്ചു.

**ഐറ്റം നമ്പർ 10.**

കിലയും മറ്റ് സ്ഥാപനങ്ങളുമായുള്ള സഹകരണം, ധാരണ പത്രം, തുടർ പ്രവർത്തനം- സംബന്ധിച്ച്

K. M. SHAJI
Minister for Local Self Government

(എ) കേരളത്തിൽ UNU Regions Campus സ്ഥാപിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിപാടിയിൽ കില സഹകരിക്കുന്നത് സംബന്ധിച്ച്,

ബ്രസൽസ് ആസ്ഥാനമായുള്ള UNU & KILA ധാരണ പത്രം 2026 മാർച്ച് 12ന് അംഗീകരിച്ചു. ധാരണ പത്രത്തിൻറെ അടിസ്ഥാനത്തിൽ സഹകരണത്തിന്റെ ലക്ഷ്യം;

1. സംയുക്ത ഗവേഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം.
2. സംയുക്ത നഗര നയ രൂപീകരണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം.
3. സംയുക്ത പരിപാടികളുടെ സംഘാടന പ്രോത്സാഹനം
4. സംയുക്ത ശേഷി വികസന പ്രവർത്തനങ്ങളുടെ പ്രോത്സാഹനം.
5. ജീവനക്കാരുടെ പരസ്പര കൈമാറ്റം പ്രോത്സാഹിപ്പിക്കൽ.
6. സംയുക്ത പ്രസിദ്ധീകരണങ്ങളുടെ പ്രോത്സാഹനം.

പരസ്പരം സമ്മതിച്ച പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും കൈമാറ്റം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് ശേഖരണം, കക്ഷികൾ തമ്മിലുള്ള സഹകരണം, കില ആസ്ഥാനമാക്കി ഒരു യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റി ഹബ്ബ് അല്ലെങ്കിൽ UNU ഓപ്പറേറ്റിങ് യൂണിറ്റായി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കൽ.

സഹകരണത്തിന്റെ ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന വിഷയ മേഖലകൾ പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തും

1. ശേഷി വികസനവും പരിശീലനവും
2. സാമ്പത്തിക മേഖലകൾ/ ക്ലസ്റ്ററുകൾ
3. നഗരാസൂത്രണ നയം ഭരണനിർവഹണം.
4. ഡിജിറ്റൽ ഭരണ നിർവഹണം.
5. കാലാവസ്ഥ അതിജീവനശേഷി
6. കുടിയേറ്റവും സാമൂഹിക നയവും.
7. ബഹുതല ഭരണ സംവിധാനം. തുലനാത്മക
8. ഫെഡറലിസം.

മേൽപ്പറഞ്ഞ സഹകരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കക്ഷികൾ പൊതു താൽപര്യമുള്ള വിഷയങ്ങളിൽ പതിവായി പരസ്പരം സഹകരിക്കുകയും ജോലികൾ ഏകോപിപ്പിക്കുകയും സഹകരണം ശക്തിപ്പെടുത്തുകയും പരിശ്രമങ്ങൾ സംയോജിപ്പിക്കുകയും ചെയ്യും. കക്ഷികൾ തമ്മിലുള്ള വിവരങ്ങളുടെ ഏതൊരു കൈമാറ്റവും വിവര വെളിപ്പെടുത്തൽ സംബന്ധിച്ച അവരവരുടെ നയങ്ങൾക്കും നടപടികൾക്കും വിധേയമായിരിക്കും.

K. M. SHAJI
Minister for Local Self Government

കേരള സർക്കാരിൻറെ ഹയർ എഡ്യൂക്കേഷൻ വിഭാഗത്തിന്റെ No- C4/286/2025-HEDN തീയതി 31/ 7/ 2026 കത്ത് പ്രകാരം കേരളത്തിലെ മൂന്ന് പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളും കിലയും Nodal Officer മാരെ നിയമിച്ചിട്ടുണ്ട്.

**തീരുമാനം**

ധാരണ പത്രപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

(B) കിലയും ഇൻറർനാഷണൽ സെൻറർ ഫോർ ഓഡിറ്റ് ഓഫ് ലോക്കൽ ഗവർണൻസ് (ICAL) രാജകോട്ടുമായി ധാരണപത്രം ഒപ്പ് വയ്ക്കുന്നത് സംബന്ധിച്ച്.

പ്രാദേശിക ഭരണകൂടങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കം ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ സ്ഥാപിച്ച ഒരു അന്താരാഷ്ട്ര പരിശീലന കേന്ദ്രമാണ് ഐസി എ എൽ. ഇന്ത്യയിലെയും ലോകത്തെമ്പാടുമുള്ള പ്രാദേശിക സർക്കാരുകളിലെ ഓഡിറ്റർമാർ എക്സിക്യൂട്ടീവുകൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യ വിഭാഗം.

- ICAL, KILA എന്നിവയിൽ പരിശീലനം നേടുന്ന പൊതുപ്രവർത്തകരുടെ/ ഉദ്യോഗസ്ഥരുടെ ശേഷി വികസനം, വിദ്യാഭ്യാസം, അക്കാദമിക് മേഖലകൾ എന്നിവയിലെ സഹകരണവും വിനിമയവും.
- ICAL, KILA എന്നിവയിൽ പരിശീലനം നേടുന്ന പൊതു ഉദ്യോഗസ്ഥരുടെ ശേഷി വികസനം വിദ്യാഭ്യാസം എന്നിവയിൽ അനുഭവങ്ങളും മികച്ച രീതികളും അറിവുകളും പങ്കുവയ്ക്കുക.
- അക്കാദമിക് സഹകരണം പ്രോത്സാഹിപ്പിക്കുന്നതിന് പൊതു താൽപര്യങ്ങൾ മുന്നോട്ട് കൊണ്ടുപോവുക.

സ്ഥാപനങ്ങൾക്കും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾ ഇല്ലാതെ തന്നെ വിദ്യാഭ്യാസം ശേഷി വികസനം എന്നി മേഖലകളിൽ ഇരു സ്ഥാപനങ്ങൾക്കും തുല്യവും വൈവിധ്യപൂർണ്ണവുമായ നേട്ടങ്ങൾ ലഭിക്കുന്ന രീതിയിൽ സഹകരിച്ച് പ്രവർത്തിക്കുക എന്നിവയാണ് അടിസ്ഥാന ലക്ഷ്യങ്ങൾ.

**തീരുമാനം.**

അംഗീകരിച്ചു. ധാരണ പത്രം ഒപ്പുവയ്ക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

K. M. SHAJI
Minister for Local Self Government

**ഐറ്റം നമ്പർ 11**

കില ഡയറക്ടർ ജനറലിന്റെ നിയമനം - പ്രായപരിധി - മെമ്മോറാണ ഓഫ് അസോസിയേഷൻ ആൻഡ് റൂൾസ്, നിയമാവലി, എച്ച്.ആർ.പോളിസി - ഭേദഗതി 6 യ്യുന്നത് സംബന്ധിച്ച്.

സ.ഉ. (കൈ) നമ്പർ 7/2022/P&EA തീയതി 18/03/2022 പ്രകാരം ബ്യൂറോ ഓഫ പബ്ലിക് എൻറർപ്രൈസസ് - സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴ് കയുള്ള സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ എംഡി/ സെക്രട്ടറി/ ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായ രിധി 70 വയസ്സായി പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത രവിന്റെ അടിസ്ഥാനത്തിൽ ബഹു: അധ്യക്ഷൻ്റെ അനുമതിയോടെ ഐറ്റം 11 ആയി അ ണ്ടയിൽ ഉൾപ്പെടുത്തി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിച്ച വിഷയം യോഗം വിശദമ ി ചർച്ച ചെയ്തു. ബൈലോ ഭേദഗതി സംബന്ധിച്ച അധികാരം ഈ കൗൺസിലിന് ഉണ്ടോ ന്നുള്ള കാര്യത്തെക്കുറിച്ച് ചർച്ചയുണ്ടായി. തദവസരത്തിൽ, കില-യുടെ എം.ഒ.എ, നിയമാവലി ട്ടം 49, "49 Amendments to the Memorandum and Rules may be made by the Governing Cour at any of its Annual General Meeting.",

ഉദ്ധരിച്ചുകൊണ്ട് നിയമാവലി ഭേദഗതിചെയ്യാനുള്ള അധികാരം ജനറൽ കൗൺസിലിൽ നിക്ഷിപ്തമാണെന്ന് അധ്യക്ഷൻ യോഗത്തെ അറിയിച്ചു.

**തീരുമാനം.**

കില-യുടെ എം.ഒ.എ, നിയമാവലി ചട്ടം 49 പ്രകാരം ജനറൽ കൗൺസിലിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് കില ഡയറക്ടർ ജനറലിന്റെ പ്രായപരിധി 70 വയസായി ഉയർത്തുവാനുള്ള നിർദേശം ജനറൽ കൗൺസിൽ അംഗീകരിക്കുകയും അതുപ്രകാരം കില-യുടെ എം.ഒ.എ - നിയമാവലി ചട്ടം 43 & HR Policy ഖണ്ഡിക 2.3 എന്നിവ ഭേദഗതിചെയ്യുവാനും തീരുമാനിച്ചു. ഇക്കാര്യത്തിൽ ഉത്തരവിനായി സർക്കാരിലേക്ക് അയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അംഗങ്ങളായ ശ്രീ. കെ. രാധാകൃഷ്ണൻ എം.പി യും ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി MLA യും വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം 3.30 PM ന് അവസാനിച്ചു.

K. M. SHAJI
Minister for Local Self Government